"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - ശ്രീമതി പി.കെ.ശ്രീകുമാരി, കൃഷി അസിസ്റ്റന്റ് ഡയറക്ടർ അനുവാദം വാങ്ങാതെ അവധിയിൽ പ്രവേശിച്ചത് - അച്ചടക്ക നടപടി -തുടർനടപടികൾ അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.934/2025/AGRI തീയതി,തിരുവനന്തപുരം, 24-09-2025

പരാമർശം:-

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 12/12/2022 ലെ ADFW/8764/2022/SB2 നമ്പർ കത്ത്.
2. 31/01/2023 ലെ കൃഷി-ഇഎ3/1/2023-കൃഷി നമ്പർ നോട്ടീസ്.
3. ശ്രീമതി പി കെ ശ്രീകുമാരി-യുടെ 04/03/2023 ലെ വിശദീകരണം.
4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 20/08/2025 ലെ ADFW/8764/2022/SB2 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ വെജിറ്റബിൾ സെല്ലിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടറായ ശ്രീമതി പി.കെ ശ്രീകുമാരി ബന്ധപ്പെട്ട മേലധികാരിയുടെ മുൻകൂർ അനുവാദം വാങ്ങാതെ 05.12.2022 മുതൽ 09.12.2022 വരെ ആകസ്മിക അവധി അപേക്ഷ ഹാജർ പുസ്തകത്തിൽ വച്ച ശേഷം ഓഫീസ് വിട്ടുപോയിട്ടുള്ളതാണെന്നും നിയമസഭാ സമ്മേളനം നടക്കുന്ന കാലയളവിൽ വകുപ്പ് മേധാവിയുടെ അനുമതി ലഭിക്കാതെ അവധി അനുവദിയ്ക്കാൻ നിർവ്വാഹമില്ല എന്ന വിവരം അറിയിച്ചിട്ടും ടി ഓഫീസർ അവധിയിൽ പ്രവേശിക്കുകയാണുണ്ടായത് എന്ന് ബന്ധപ്പെട്ട മേലധികാരിയായ കൃഷി അഡീഷണൽ ഡയറക്ടർ (VC) റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, നിയമസഭാ സമ്മേളനം നടക്കുന്ന കാലയളവിൽ അവധി അനുവദിച്ച് ഉത്തരവാകുന്നതിന് മുൻപ് ടി ഓഫീസർ ഹെഡ് ക്വാർട്ടേഴ്സ് വിട്ട് അന്യ സംസ്ഥാനത്തിലേക്ക് പോയത് തീർത്തും നിരുത്തരവാദപരമായ പെരുമാറ്റവും സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധവും ആയതിനാൽ ശ്രീമതി പി.കെ ശ്രീകുമാരി, കൃഷി അസിസ്റ്റൻ്റ് ഡയറക്ടർക്കെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് പരാമർശം (1) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2. തുടർന്ന് ശ്രീമതി പി.കെ ശ്രീകുമാരി, കൃഷി അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും വിശദീകരണം ലഭ്യമാക്കുന്നതിനായി ടിയാൾക്ക് പരാമർശം (2) പ്രകാരം നോട്ടീസ് നൽകിയിരുന്നു. 05.12.2022 മുതൽ 09.12.2022 വരെ ആകസ്മിക അവധി അപേക്ഷ മുൻകൂർ നൽകിയിരുന്നുവെങ്കിലും മേലധികാരികളായിരുന്ന കൃഷി ജോയിന്റ് ഡയറക്ടർ (വി.സി) ഓഫീസിൽ മുൻ ദിവസങ്ങളിൽ ഇല്ലാതിരുന്നതിനാലും കൃഷി അഡീഷണൽ ഡയറക്ടർ (ഫാംസ്, ബയോഗ്യാസ്, വെജിറ്റബിൾസ്) ഔദ്യോഗിക യാത്രയിലായതിനാലും വാട്സ് ആപ്പ് മുഖേന അവധി അപേക്ഷ സമർപ്പിക്കുകയും ഹാജർ പുസ്തകത്തിൽ അപേക്ഷ വച്ച് വിവരം മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരെ മാതാപിതാക്കളുടെ അറിയിക്കുകയും ബലിയും ചെയ്തിരുന്നുവെന്നും, ശ്രാദ്ധവും ടിയാളുടെ നടത്തുന്നതിനായാണ് പോകേണ്ടിവന്നതെന്നും, കൂടാതെ നിയമസഭാ ചോദ്യങ്ങൾക്ക് ഉത്തരം തയ്യാറാക്കി മേലുദ്യോഗസ്ഥർക്ക് വാട്ട്സ് ആപ്പ് സന്ദേശം നൽകി ആവശ്യമായ തിരുത്തലുകൾ വരുത്തി പൂർണ്ണമാക്കി കൃഷി ജോയിൻ്റ് ഡയറക്ടർ (വി.സി)ക്ക് സമർപ്പിച്ചതിനു ശേഷം മാത്രമേ ടിയാൾ ഓഫീസ് വിട്ടു പോയിട്ടുള്ളുവെന്നും, വെജിറ്റബിൾ സെല്ലിന്റെ പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നടക്കുന്നതിന് മറ്റു കൃഷി അസിസ്റ്റന്റ് ഡയറക്ടർക്കും, ക്ലാർക്ക് ടെക്നിക്കൽ അസിസ്റ്റൻ്റ്, ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ എന്നിവർക്ക് വേണ്ട നിർദ്ദേശം നൽകുകയും ചെയ്തിരുന്നുവെന്നും ആയതിനാൽ ശിക്ഷാ നടപടികളിൽ നിന്നും തന്നെ ഒഴിവാക്കണമെന്നും പരാമർശം (3) പ്രകാരം ശ്രീമതി പി.കെ ശ്രീകുമാരി, കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിക്കുകയുമുണ്ടായി.

3. ശ്രീമതി ശ്രീകുമാരി, കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിയമസഭ സമ്മേളനം നടന്നിരുന്ന കാലയളവിൽ ബന്ധപ്പെട്ട മേലധികാരികളുടെ മുൻകൂർ അനുവാദം വാങ്ങാതെ 5.12.2022-മുതൽ 9.12.2022-വരെ ആകസ്മിക അവധിയിൽ പ്രവേശിച്ചത് തന്റെ പിതൃക്കൾക്ക് ബലി-ശ്രാദ്ധ കർമ്മങ്ങൾക്ക് പോയതാണെന്നും ആയത് നിയമസഭാ സമ്മേളനം തീരുമാനിക്കുന്നതിന് മുന്നേ തീരുമാനിച്ചതാണെന്ന് അറിയിച്ചിരിക്കുന്നതിനാലും, ടിയാളുടെ ഭാഗത്ത് നിന്ന് മുമ്പ് ഇപ്രകാരമുള്ള പ്രവർത്തികൾ വരുത്തിയിട്ടില്ലാത്തതിനാലും, കൂടാതെ ടിയാൾ അവധിയിൽ പ്രവേശിക്കുന്നത് വരെ ലഭിച്ച എല്ലാ നിയമസഭാ ചോദ്യങ്ങൾക്കും മറുപടി നല്കിയിരുന്നെന്ന് ടിയാളുടെ നിയന്ത്രണാധികാരിയായ കൃഷി അഡിഷണൽ ഡയറക്ടർ (Farms & Biogas) ശിപാർശ രേഖപെടുത്തിയിരിക്കുന്നതിനാലും, ശ്രീമതി ശ്രീകുമാരി ADA, 31.05.2024-ൽ സർവീസിൽ നിന്ന് വിരമിച്ചിട്ടുള്ളതിനാലും ടിയാനെതിരെയുള്ള അച്ചടക്ക നടപടി ഉപേക്ഷിക്കണമെന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി പി.കെ.ശ്രീകുമാരി യുടെ പരാമർശം (3) വിശദീകരണം പരിഗണിച്ചും ടിയാൾ 31.05.2024-ൽ സർവീസിൽ നിന്ന് വിരമിച്ചിട്ടുള്ളതിനാലും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ പരാമർശം (4) ശിപാർശയുടെ അടിസ്ഥാനത്തിലും ശ്രീമതി പി.കെ.ശ്രീകുമാരി, കൃഷി അസിസ്റ്റന്റ് ഡയറക്ടർ (റിട്ട)-യെ തുടർനടപടികളിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെലീന.എ

ഡെപ്യൂട്ടി സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീമതി പി കെ., ശ്രീകുമാരി, കൃഷി അസിസ്റ്റൻ്റ് ഡയറക്ടർ (റിട്ട) (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന)

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി (AGRI - EA3/1/2023-AGRI)

ഉത്തരവിൻ പ്രകാരം

Signed by
Aswathi S Poonkavanam
Date: 24-09-2025 17:38:22

സെക്ഷൻ ഓഫീസർ